STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.84/PR/SPMC/PHQ/2023 Date:08.08.2023

**സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി വാർഷികം:**
**ക്വിസ് മത്സരത്തിൽ കാസർഗോഡ് ജേതാക്കൾ**

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പ്രോജക്റ്റിന്റെ 14ാമത് വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന സംസ്ഥാനതല ക്വിസ് മത്സരത്തിൽ കാസർഗോഡ് ചട്ടഞ്ചാൽ സി.എച്ച്.എസ്.എസ് വിജയികളായി. സായന്ത്.കെ, കൃഷ്ണജിത്ത്.കെ, വൈഭവി.എം എന്നിവർ പങ്കെടുത്ത ടീമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

കൊച്ചി സിറ്റി ഇടപ്പള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ അനുഗ്രഹ്.വി.കെ, ഉദയനാരായണൻ.പി.പി, അദ്വൈത് സജീവ് എന്നിവരടങ്ങിയ ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

പത്തനംതിട്ട തോട്ടക്കോണം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിനാണ് മൂന്നാം സ്ഥാനം. ശ്രീനന്ദ.എസ്, ദേവിക സുരേഷ്, അൽ ഫാത്തിമ സലീം എന്നിവരാണ് സ്കൂളിനായി സമ്മാനം നേടിയത്.

വിജയികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പ്രോജക്റ്റിന്റെ 14ാമത് വാർഷികാഘോഷത്തിന്റെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. ഗതാഗത വകുപ്പ് മന്ത്രി ആൻറണി രാജു അധ്യക്ഷത വഹിച്ചു.

സംസ്ഥാനതല ക്വിസ് മത്സരങ്ങൾ സംസ്ഥാന പോലീസ് മേധാവി ഡോ. ഷേയ്ഖ് ദർവേഷ് സാഹിബ് ഉദ്ഘാടനം ചെയ്തു. ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എം.ആർ അജിത് കുമാർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ നാഗരാജു ചക്കിലം, ദക്ഷിണ മേഖല ഐ.ജി ജി.സ്പർജൻ കുമാർ, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ആർ.നിശാന്തിനി എന്നിവരും മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

**<u>ഫോട്ടോക്യാപ്ഷൻ :</u>**

ഫോട്ടോ1: സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പതിനാലാമത് വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്നു നടത്തിയ സംസ്ഥാനതല ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കാസർകോട് ചട്ടഞ്ചാൽ സി എച്ച് എസ് എസിലെ സായന്ത്. കെ, കൃഷ്ണജിത്ത് കെ, വൈഭവി. എം എന്നിവർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിക്കുന്നു

ഫോട്ടോ 2: സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പതിനാലാമത് വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്നു നടത്തിയ സംസ്ഥാനതല ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ കൊച്ചി സിറ്റി ഇടപ്പള്ളി ഏഒടട ലെ അനുഗ്രഹ് വി.കെ, ഉദയനാരായണൻ പി.പി, അദ്വൈത് സജീവ് എന്നിവർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിക്കുന്നു.

ഫോട്ടോ3: സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പതിനാലാമത് വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്നു നടത്തിയ സംസ്ഥാനതല ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ പത്തനംതിട്ട തോട്ടക്കോണം ഏഒടട ലെ ശ്രീനന്ദ എസ്, ദേവിക സുരേഷ്, അൽ ഫാത്തിമ സലീം എന്നിവർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിക്കുന്നു.

*******************